കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 'സാംഖ്യ' ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വരവു വയ്ക്കുന്നതും ചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണരൂപയിലായിരിക്കണമെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്

സ.ഉ. (ആർ.ടി.)നം.885/2013/തസ്വഭവ    തീയ്യതി,തിരുവനന്തപുരം, 02.04.2013

---

പരാമർശം :-1. 14.01.2011 ലെ സ.ഉ.(അ) നമ്പർ 18/2011/തസ്വഭവ നമ്പർ വിജ്ഞാപനം

2. 14.01.2011 ലെ സ.ഉ.(അ) നമ്പർ 20/2011/തസ്വഭവ നമ്പർ വിജ്ഞാപനം,

3. 20.10.2011 ലെ സ.ഉ(സാധാരണ) നം. 2414/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4. 16.05.2012 ലെ ജി. ഒ(എം.എസ്)132/05/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 283-ാം വകുപ്പ് 7-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പൽ ഫണ്ടിലേയ്ക്ക് വരവു വയ്ക്കുന്നതും അതിൽ നിന്ന് നല്കുന്നതുമായ എല്ലാ തുകകളും പൂർണ്ണരൂപയിൽ ആയിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയുടെ മൊത്തം സംഖ്യയാക്കേണ്ടതാണ്. അതുപോലെ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 273-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്ത് പിരിക്കുന്ന നികുതികളും, ഫീസും, സർചാർജ്ജും പഞ്ചായത്ത് ഫണ്ടിലേക്ക് വരവു വയ്ക്കുന്ന മറ്റ് തുകകളും ആയ എല്ലാ തുകകളും പൂർണ്ണരൂപയിൽ ആയിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയുടെ മൊത്തം സംഖ്യയാക്കേണ്ടതാണെന്ന വിശദീകരണം പ്രസ്തുത ഉപവകുപ്പിനു താഴെ നല്കിയിരിക്കുന്നു. ഈ നിയമ വ്യവസ്ഥകൾ പാലിക്കണമെങ്കിൽ പിരിച്ചെടുക്കുന്ന അർദ്ധ വാർഷിക ഗഡു പൂർണ്ണ രൂപയിൽ ആയിരിക്കേണ്ടതാണെങ്കിലും ഇക്കാര്യം പരാമർശം 1 ഉം 2 ഉം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2. എന്നാൽ പല നഗരസഭകളും പഞ്ചായത്തുകളും അർദ്ധ വാർഷിക വസ്തു നികുതി, ലൈബ്രറി സെസ്, പിഴപ്പലിശ തുടങ്ങിയ തുകകൾ പൂർണ്ണ രൂപയിലല്ലാതെ വരവു വയ്ക്കുന്നതായും മൊത്തം രസീതിന്റെ തുക പൂർണ്ണ രൂപയിലാക്കാൻ വേണ്ടി മാത്രം ഒരു രൂപയിൽ കുറഞ്ഞ ഒരു തുക മറ്റേതെങ്കിലും ഹെഡ്ഓഫ് അക്കൗണ്ടിൽ വരവു വെയ്ക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിരിക്കുന്നു.

3. അതുപോലെ നിലവിലുള്ള മാന്വൽ സമ്പ്രദായത്തിലെ അസസ്സ്മെന്റ് രജിസ്റ്ററുകളിൽ നിന്ന് വിവരം ശേഖരിച്ച് തയ്യാറാക്കിയ കമ്പ്യൂട്ടർവൽകൃത റവന്യൂ ഡേറ്റാ ബേസിലും വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകൾ സംബന്ധിച്ച പൂർണ്ണ രൂപയിലല്ലാത്ത തുകകളുണ്ടെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. മാത്രമല്ല, ബാങ്കുകൾ പലപ്പോഴും പലിശ കണക്കാക്കി ക്രെഡിറ്റ് ചെയ്യുന്നത് പൈസ ഉൾപ്പെടുന്ന തുകയാണ്.

5. മേൽ പറഞ്ഞവയുടെ ഫലമായി വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകൾ സംബന്ധിച്ച തുകകൾ പൂർണ്ണ രൂപയിലല്ലാതെ സാംഖ്യയിൽ അക്കൗണ്ട് ചെയ്യേണ്ടി വരികയും ആദ്യ ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച നിയമ വ്യവസ്ഥ പാലിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. വസ്തു നികുതി സംബന്ധിച്ച അർദ്ധ വാർഷിക ഗഡുക്കൾ പൂർണ്ണ രൂപയിൽ അല്ലാതെ വരുന്ന സാഹചര്യത്തിലുള്ള പ്രശ്നം പരിഹരിക്കാനായി ഒന്നാം അർദ്ധവാർഷിക ഗഡു തൊട്ടടുത്ത ഉയർന്ന പൂർണ്ണ രൂപയിലേക്ക് ക്രമീകരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും ബാക്കി വരുന്ന തുക രണ്ടാം അർദ്ധവാർഷിക ഗഡുവായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണെന്ന് പരാമർശം മൂന്നിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നിരുന്നാലും വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ പൂർണ്ണരൂപയിൽ അല്ലാത്ത തുകകൾ ഇപ്പോഴും ഉൾപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ പ്രശ്നം സർക്കാർ വിശദമായി പരിശോധിക്കുകയും, താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) നഗരസഭകളിലും പഞ്ചായത്തുകളിലും ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വരവു വെയ്ക്കുന്നതും ചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണ രൂപയിലായിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയുടെ മൊത്തം സംഖ്യയാക്കേണ്ടതാണ്.

(ii) നിലവിലുള്ള കമ്പ്യൂട്ടർ വത്കൃത റവന്യൂ ഡേറ്റാ ബേസിലെ പൂർണ്ണരൂപയിലല്ലാത്ത തുകകൾ തൊട്ടടുത്ത ഉയർന്ന പൂർണ്ണ രൂപയിലേക്ക് ക്രമീകരിക്കേണ്ടതാണ്.

(iii) ഇപ്രകാരം ക്രമീകരിക്കേണ്ടതിനാൽ സാംഖ്യയിൽ രേഖപ്പെടുത്തുന്ന ഓരോ തുകയും പൂർണ്ണരൂപയിൽ ആയിരിക്കേണ്ടതാണ്.

(iv) ഈ ഉത്തരവ് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഒരുപോലെ ബാധകമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി. എസ്. സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

1.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
5.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്. എ), കേരള, തിരുവനന്തപുരം
7.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം
9. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
10. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
12. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ